DESPATCHED On. 1/4/22

31/3/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1309(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **7542**/എസ്.ഐ.സി-ജി 6/2014)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഷിനോജ് എസ്.,
സുമാംഗി നിലയം,
പുന്നമൂട്, മാവേലിക്കര.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജ് ഓഫീസർ,
തെക്കേക്കര വില്ലേജ് ഓഫീസ്.

2. അപ്പീൽ അധികാരി&
അഡീഷണൽ തഹസിൽദാർ,
താലൂക്ക് ഓഫീസ്,
മാവേലിക്കര.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.02.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.03.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.03.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.04.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.05.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 22.05.2014 |
| ഹിയറിംഗ് നടന്ന തീയതി | 01.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷിനോജ് എസ്., 20.05.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 22.05.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1309(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 22.02.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) തെക്കേക്കര വില്ലേജിൽ Old Sy.No.73/A പ്പെട്ട വസ്തുവിന്റെ റീ-സർവ്വെ നമ്പർ 428/2 ആണോയെന്നും അല്ലെങ്കിൽ ഏത് റീസർവ്വെ നമ്പരാണെന്നും

2) തെക്കേക്കര വില്ലേജിൽ Old Sy.No. ആയ 73/A ആരുടെ പേരിലുള്ള വസ്തുവാണെന്നും അതിന്റെ ഉടമസ്ഥന്റെ പേരു വിവരങ്ങളും മേൽവിലാസവും നൽകണമെന്നും

3) ടി വസ്തുവിന്റെ വിസ്തീർണ്ണമെത്രയെന്നും

4) ടി വസ്തു ചൂരല്ലൂർ പാസ്സ് ജംഗ്ഷനിൽ നിന്നും കിഴക്കോട്ടുള്ള റോഡിന്റെ ഏതു ഭാഗത്താണ് സ്ഥിതി ചെയ്യുന്നതെന്നും

5) റീ-സർവ്വെ 428/2-ൽ Old Sy.No.73/A യുടെ എത്ര ഏരിയ വസ്തു ഉൾപ്പെട്ടിട്ടുണ്ടെന്നും എങ്കിൽ അത് ആരുടെ പേരിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നും പേരു വിവരവും വിശദാംശങ്ങളും നൽകണമെന്നും തുടങ്ങി 19 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 26.03.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഒരു പൊതു സ്ഥാപനത്തിന്റെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഫയലുകളും രേഖകളും പ്രമാണങ്ങളും നേരിൽ കാണുന്നതിനും അതിന്റെ പകർപ്പുകളും എടുക്കുന്നതിനുള്ള അവകാശമാണ് വിവരാവകാശം ജനങ്ങൾക്ക് നൽകുന്നതെന്നും ചോദ്യങ്ങൾക്ക് മറുപടി നൽകുക, വിശദീകരണങ്ങൾ നൽകുക എന്നിവ വിവരാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണെന്നും ടി സാഹചര്യത്തിൽ ഹർജിക്കാരന്റെ 1 മുതൽ 19വരെയുള്ള ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിന് കഴിയാത്തതാണെന്നും എന്നാൽ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ടി ചോദ്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ പകർപ്പുകൾ കൈപ്പറ്റുന്നതിനും പേജൊന്നിന് 2 രൂപാ പ്രകാരം ഒടുക്കി കൈപ്പറ്റേണ്ടതാണെന്നും അറിയിച്ചുവെന്നാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 07.04.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷ ഒന്നാം എതിർകക്ഷിയ്ക്ക് ലഭിച്ചത് 01.03.2014നാണെന്നും ടി അപേക്ഷയ്ക്ക് സമയപരിധിയ്ക്കുള്ളി മറുപടി ലഭ്യമാക്കിയില്ല എന്നു കാണിച്ചാണ് 26.03.2014ൽ ടിയാൻ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നതെന്നും 02.04.2014ന് ടിയാൻ സമർപ്പിച്ച അപ്പീൽ ഹർജിയിൽ വ്യക്തമാക്കിയിരിക്കുന്നത് 20.03.2014ൽ ഹർജിക്കാരൻ ഇല്ലാതിരുന്ന അവസരത്തിൽ ടിയാന്റെ കുടുംബ വീട്ടിൽ തെറ്റായ വിവരങ്ങൾ കാണിച്ച് മറുപടി ലഭിച്ചുവെന്നും തുടർന്ന് 26.03.2014 തീയതി വച്ച് ഒരു മറുപടി ഒന്നാം എതിർകക്ഷിയിൽ നിന്നും ലഭിച്ചുവെന്നും ടി മറുപടിയിൽ വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകാതെ കുറ്റകരമായ അനാസ്ഥയും കാലതാമസം വരുത്തുകയും വ്യാജ കത്തുകളും വ്യക്തയില്ലാത്ത മറുപടിയും നൽകിയെന്നുമാണ്. മേൽപ്പടി അപ്പീൽ പ്രകാരം എസ്.പി.ഐ.ഒ.യെ ഹീയറിംഗ് നടത്തുകയും റിപ്പോർട്ടു വാങ്ങുകയും ചെയ്തതിൽ നിന്നും ടിയാൻ 22.02.2014ന് രജിസ്റ്റേർഡ് തപാൽ വഴി അയച്ച അപേക്ഷ 01.03.2014നാണ് എസ്.പി.ഐ.ഒ.യ്ക്ക് ലഭിച്ചതെന്നും വിവരാകവാശ നിയമപ്രകാരമുള്ള സമയപരിധി ആരംഭിക്കുന്നത് അപേക്ഷ ലഭിച്ച തീയതി മുതലാണെന്നും ടി സാഹചര്യത്തിൽ 01.03.2014ന് ലഭിച്ച അപേക്ഷയ്ക്ക് 30.03.2014 വരെ സമയപരിധിയു

ണ്ടെന്നും ടി കാലാവധിയ്ക്കുള്ളിൽ 20.03.2014ന് തെക്കേക്കര വില്ലേജിലെ സ്പെഷ്യൽ വില്ലേജ് ഓഫീസറും വില്ലേജ് അസിസ്റ്റന്റും കൂടി മറുപടി നൽകുവാനായി ടിയാന്റെ വസതിയിൽ പോയെങ്കിലും വീട് അടഞ്ഞുകിടന്ന തിനാൽ ഹർജിക്കാരന്റെ പിതാവ് ശ്രീ.ശിവൻ മറുപടി ഒപ്പിട്ട് കൈപ്പറ്റിയതും ടിയാന് നൽകിക്കൊള്ളാമെന്ന് അറിയിക്കുകയും തുടർന്ന് ഹർജിക്കാരൻ വില്ലേജാഫീസറെ ഫോണിൽ ബന്ധപ്പെടുകയും മറുപടി ലഭിച്ചിട്ടുള്ളതായി അറിയിക്കുകയും ചെയ്തതായി തെക്കേക്കര വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്. എന്നാൽ 26.03.2014ലെ ടിയാന്റെ ഒന്നാം അപ്പീൽ പ്രകാരം എസ്.പി.ഐ.ഒ.യോട് ടിയാന് മറുപടി നൽകാത്തതിന്റെ കാരണം ബോധിപ്പിക്കാനും റിപ്പോർട്ട് നൽകുവാനും ആവശ്യപ്പെട്ടതിൻ പ്രകാരം ടിയാൻ വീണ്ടും ഫയൽ പരിശോധിക്കുകയും 01.03.2014ൽ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകുവാനുള്ള സമയപരിധി കഴിഞ്ഞിട്ടില്ലാത്തതി നാൽ ഒരു മറുപടി കൂടി 26.03.2014ന് രജിസ്റ്റേർഡ് തപാലായി ടിയാന് നൽകി യിട്ടുണ്ടെന്നും ടി രണ്ടു മറുപടികളും ഹർജിക്കാരന് ലഭിച്ചിട്ടുള്ളതായി ടിയാന്റെ അപ്പീൽ ഹർജിയിൽ വ്യക്തമാക്കിയിട്ടുണ്ടെന്നുമാണ്. ടി സാഹച ര്യത്തിൽ എസ്.പി.ഐ.ഒ. ടിയാന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

കൂടാതെ ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 19 വരെയുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിന് ഏറെ സമയം ആവശ്യമായതിനാ ലാണ് ലഭ്യമായ രേഖകളും പ്രമാണങ്ങളും നേരിൽ കാണുന്നതിനും പരിശോധിക്കുന്നതിനും അവയുടെ പകർപ്പ് എടുക്കുന്നതിനും പകർപ്പൊ ന്നിന് 2/- രൂപാ നിരക്കിൽ ഫീസടച്ച് ആവശ്യമായ പകർപ്പുകൾ കൈപ്പറ്റാൻ മറുപടി നൽകിതെന്നുമാണ്. ആകയാൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ നിരുത്തരവാദപരമായോ അനധികൃതമായോ ആയി ഒന്നും തന്നെ സംഭവി ച്ചിട്ടില്ലാത്തതും വ്യക്തവും സത്യസന്ധവുമായ മറുപടിയാണ് നൽകിയതെ ന്നുമാണ് എസ്.പി.ഐ.ഒ. ബോധിപ്പിച്ചതെന്നും വിവരാവകാശ നിയമപ്ര കാരം ആവശ്യമായ ഫീസടച്ച് രേഖകൾ പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ കൈപ്പറ്റേണ്ടതാണെന്നുള്ള എസ്.പി.ഐ.ഒ.യുടെ നടപടി ശരിയായതിനാൽ ഹർജിക്കാരന്റെ അപ്പീൽ ഹർജി നിരസിച്ച് ഉത്തരവായെ ന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ കാലാവധിയ്ക്കുള്ളിലോ നാളിതുവരെയോ തീർപ്പു കൽപ്പിക്കുകയോ വിശദാംശങ്ങൾ നൽകുകയോ ചെയ്യാത്തതിനാൽ അപ്പീൽ ഹർജി സമർപ്പിച്ചുവെന്നും ആയതിനും ടിയാന് മറുപടി ലഭിച്ചിട്ടില്ലെന്നുമാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചിൽ, പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്ക് വീഴ്ച സംഭവിച്ചതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ 31.01.2022ൽ ഒന്നാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 19വരെയുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടികൾ ആവശ്യമില്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു.

5. കൂടാതെ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു കൊടുക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 31–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Gc/

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM